പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4088 12.12.2018 ൽ മറുപടിയ്ക്ക്

ഫോർട്ട് സപ്ലൈകോ പീപ്പിൾ ബസാറിലെ തിരിമറി

ചോദ്യം

ശ്രീ.പി.കെ.അബ്ദു റബ്ബ്

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തലസ്ഥാനനഗരിയിലെ ഫോർട്ട് സപ്ലൈകോ പീപ്പിൾ ബസാറിൽ 20 ലക്ഷം രൂപയുടെ തിരിമറി നടന്നതായ വാർത്ത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി)<br><br><br>(സി) | ആയത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ;<br><br>കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) യും (സി) യും | തിരുവനന്തപുരം കിഴക്കേകോട്ടയിലെ ഫോർട്ട് സൂപ്പർ മാർക്കറ്റിൽ ചാർജ് കൈമാറ്റത്തോടനുബന്ധിച്ച് നടത്തിയ സ്റ്റോക്കെടുപ്പിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സപ്ലൈകോ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ ആകെ 9,46,966.29 (ഒമ്പതു ലക്ഷത്തി നാല്പത്തിയാറായിരത്തി തൊള്ളായിരത്തി അറുപത്താറു രൂപയും ഇരുപത്തൊമ്പതു പൈസയും) രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഈ കാലയളവിലെ ജീവനക്കാരിൽ കൊല്ലം ക്രൈംബ്രാഞ്ച് കോടതിയുടെ ജാമ്യ നിബന്ധന പ്രകാരം, തിരുവനന്തപുരം ജില്ലയിൽ തന്നെ തുടരേണ്ടതായ ഒരാളൊഴികെ, മറ്റു ജീവനക്കാരെ മേഖല മാറ്റി നിയമിയ്ക്കുകയും അന്വേഷണത്തിന് വിഘാതമുണ്ടാകാതിരിക്കാൻ രണ്ട് ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുമുണ്ട്. ഇക്കാര്യത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖാന്തിരം വിശദമായ ഒരന്വേഷണത്തിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ